**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഓണം സഹകരണ വിപണന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലത്തെ വിലക്കയറ്റം ഫലപ്രദമായി നേരിടുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ വഴി സംസ്ഥാനത്ത് എത്ര ഓണം സഹകരണ വിപണന കേന്ദ്രങ്ങൾ തുടങ്ങി എന്ന് വ്യക്തമാക്കാമോ; | (എ) | 2024 ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 07/09/2024 മുതൽ 14/09/2024 വരെ കൺസ്യൂമർഫെഡ് നേരിട്ട് 165 ചന്തകളും വിവിധ പ്രാഥമിക സഹകരണസംഘങ്ങൾ വഴി 1342 ഓണചന്തകളും ഉൾപ്പെടെ ആകെ 1507 ഓണചന്തകൾ സംഘടിപ്പിച്ചു. |
| (ബി) | പൊതു വിപണിയിൽ നിന്നും എത്രമാത്രം വിലകുറവിൽ നിത്യോപയോഗ സാധനങ്ങൾ സാധാരണക്കാർക്ക് ഇതുവഴി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ; | (ബി) | 2024 ഓണത്തോടനുബന്ധിച്ച് 07/09/2024 മുതൽ 14/09/2024 വരെ സംസ്ഥാനത്തൊട്ടാകെ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ ഭക്ഷ്യപൊതു വിതരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വില നിലവാരവും അളവ് തൂക്കവും മാനദണ്ഡമാക്കി സഹകരണ സബ്സിഡി കേന്ദ്രങ്ങളിൽ നിന്നും വിൽപന നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. പൊതു വിപണിയിൽ നിന്നും 30 ശതമാനം മുതൽ 45 ശതമാനം വരെ വിലക്കുറവിൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോട് കൂടി വിൽപന നടത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര രൂപയുടെ സാധനങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ? | (സി) | സഹകരണ ഓണം വിപണിയിൽ കൂടി 53.81 കോടി രൂപയുടെ 13 ഇനം സബ്സിഡി സാധനങ്ങളും 71 കോടിയുടെ നോൺ സബ്സിഡി സാധനങ്ങളും ഉൾപ്പടെ ഏകദേശം 125 കോടി രൂപയുടെ വിൽപന നടത്തിയിട്ടുണ്ട് എന്ന് കൺസ്യൂമർഫെഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡ് കൺകറന്റ് ഓഡിറ്ററുടെ പരിശോധനക്ക് ശേഷം ഫൈനൽ ക്ലെയിം അംഗീകരിക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യത്തിൽ കൃത്യമായ കണക്കുകൾ ലഭ്യമാകുകയുള്ളു. |

സെക്ഷൻ ഓഫീസർ